കെ. എസ്. ആർ. ടി. സി.യുടെ വിവിധ വായ്പകൾ

111 [3516] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. എടുത്തിട്ടുള്ള വിവിധ വായ്പകളിലായി വിവിധ സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കേണ്ട ആകെ തുക എത്രയാണ്; ഇതിന്റെ ശരാശരി പലിശ ഓരോ മാസവും എത്രയാണ്; ഇത് കൃത്യമായി ഇപ്പോൾ തിരിച്ചടയ്ക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിവിധ വായ്പകൾക്കായി കെ. എസ്. ആർ. ടി. സി. ക്ക് സർക്കാർ ഗ്യാരന്റി നൽകിയിട്ടുള്ള വകയിൽ ഗ്യാരന്റി കമ്മീഷനായി എന്തു തുക കെ. എസ്. ആർ. ടി. സി. സർക്കാരിന് നൽകാനുണ്ട്; ഈ കുടിശ്ശിക എങ്ങനെ അടച്ചു തീർക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വ്യത്യസ്ത വായ്പകളുടെ ഗ്യാരന്റർ എന്ന നിലയിൽ കെ. എസ്. ആർ. ടി. സി. യുടെ വായ്പ കുടിശ്ശികകൾ സർക്കാരിൽ നിന്നും സ്ഥാപനങ്ങൾ ഈടാക്കിയ സന്ദർഭങ്ങളുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ. റ്റി. ഡി. എഫ്. സി., ഹഡ്കോ എന്നീ സ്ഥാപനങ്ങൾക്ക് ആകെ 158 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്. ടി വായ്പയുടെ ഓരോ മാസത്തേയും ശരാശരി പലിശ 152 ലക്ഷം രൂപയാണ്. വായ്പകൾ കൃത്യമായും തിരിച്ചടയ്ക്കുന്നുണ്ട്.

(ബി) വിവിധ വായ്പകൾക്കായി കെ. എസ്. ആർ. ടി. സി.ക്ക് വേണ്ടി ഗ്യാരന്റി നൽകിയിട്ടുള്ള വകയിൽ ഗ്യാരന്റി കമ്മീഷനായി 4,57,41,771 രൂപ സർക്കാരിന് നൽകുവാനുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം കോർപ്പറേഷൻ ഈ തുക സർക്കാരിന് നൽകിയിട്ടില്ല.

(സി) ടി ഇനത്തിൽ വായ്പകളുടെ ഗ്യാരന്റർ എന്ന നിലയിൽ നാളിതുവരെ കെ. എസ്. ആർ. ടി. സി.യുടെ വായ്പ കുടിശ്ശികകൾ സർക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല.

കെ. എസ്. ആർ. ടി. സി. ബസ് റൂട്ടുകളുടെ ദേശസാൽക്കരണം

112 [3517] ശ്രീ. കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ് സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി.ക്ക് ലാഭകരമായി സർവ്വീസ് നടത്താൻ കഴിയുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly